# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

## നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3504

## 15-03-2018 ൽ മറുപടിക്ക്

## നൂതന ധനസമാഹരണ സംവിധാനങ്ങൾ

| ചോദ്യം<br>ശ്രീ.ഇ.പി. ജയരാജൻ | മറുപടി<br>ശ്രീ. റ്റി.എം. തോമസ് ഐസക് (ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
|---|---|
| (എ) റിസർവ് ബാങ്ക് ഓഫ് ഇന്ത്യയും സെക്യൂരിറ്റീസ് ആന്റ് എക്സ്ചേഞ്ച് ബോർഡ് ഓഫ് ഇന്ത്യയും അംഗീകരിച്ചിട്ടുള്ള നൂതന ധനസമാഹരണ സംവിധാനങ്ങൾ ഉപയോഗപ്പെടുത്തുമെന്ന 2016-17 ലെ ബജറ്റ് പ്രഖ്യാപനം നടപ്പിലാക്കുവാൻ കൈക്കൊണ്ട നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ; | നിലവിൽ 3500 കോടി രൂപയുടെ ജനറൽ ഒബ്ലിഗേഷൻ ബോണ്ടുകൾ പുറപ്പെടുവിക്കുന്നതിന് തീരുമാനമെടുത്തിട്ടുണ്ട്. ഇതിന്റെ ഭാഗമായി ICRA, CRISIL എന്നീ റേറ്റിംഗ് ഏജൻസികളെ നിയമിക്കുകയും ഈ ബോണ്ട് പദ്ധതിക്ക് $A^{+}$ പ്രാഥമിക റേറ്റിംഗ് ലഭിക്കുകയും ചെയ്തു. ഈ ബോണ്ട് വഴി ധനസമാഹരണം നടത്തുന്നതിനായി അറേഞ്ചർമാരെ/മർച്ചന്റ് ബാങ്കുകളെ നിയമിക്കുന്നതിനുള്ള ഇ-ടെണ്ടർ പുറപ്പെടിവിച്ചിട്ടുണ്ട്. ഇതിന്റെ തുടർനടപടികൾ പുരോഗമിക്കുന്നു. ഇതിനു പുറമേ വിദേശരാജ്യങ്ങളിൽ നിന്നും ധനസമാഹരണം നടത്തുന്നതിനായി 'മസാല ബോണ്ടുകൾ' പുറപ്പെടുവിക്കുന്നതിനും നടപടികൾ ആരംഭിച്ചിട്ടുണ്ട്. കൂടാതെ, കെ.എസ്.എഫ്.ഇ ആരംഭിക്കുന്ന പ്രവാസി ചിട്ടിയിലൂടെ ലഭിക്കുന്ന ഫ്ലോട്ട് ഫണ്ട് കെ.എസ്.എഫ്.ഇ.യിൽ നിന്നും പ്രത്യേക ബോണ്ടുകൾ വഴി കിഫ്ബിയിലേക്ക് സമാഹരിക്കുന്നതിനുള്ള നൂതന സംരംഭവും സമീപ ഭാവിയിൽ ആരംഭിക്കുന്നതാണ്. ഇതുവരെ അംഗീകരിക്കപ്പെട്ട കിഫ്ബി പദ്ധതികളുടെ പ്രാരംഭഘട്ട നിർവഹണപ്രവർത്തനങ്ങൾക്കാവശ്യമായ ഫണ്ട് നിലവിൽ കിഫ്ബിയുടെ പക്കലുള്ളതിനാൽ തുടർന്ന് ഫണ്ട് ആവശ്യമായി വരുന്നത് കണക്കാക്കി മാത്രമേ ടി.മാർഗ്ഗങ്ങളിലൂടെയുള്ള ധനസമാഹരണം ആരംഭിക്കുകയുള്ളൂ. |

| | |
|---|---|
| (ബി) ആർ.ബി.ഐയും സെബിയും അംഗീകരിച്ചിട്ടുള്ളതും കിഫ്ബി -യ്ക്ക് പ്രയോജനകരവുമായ ധനസമാഹരണ മാർഗ്ഗങ്ങൾ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ? | ആഭ്യന്തര വിപണിയിൽ പുറപ്പെടുവിക്കാവുന്ന ജനറൽ ഒബ്ലിഗേഷൻ ബോണ്ടുകൾ (കടപത്രങ്ങൾ), മ്യൂച്ചൽ ഫണ്ട് മാതൃകയിലുള്ള ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെൻറ് ട്രസ്റ്റ് (InVIT), കമ്പനി മാതൃകയിൽ ഓഹരി വഴിയുള്ള റിയൽ എസ്റ്റേറ്റ് ഇൻവെസ്റ്റ്മെൻറ് ട്രസ്റ്റ് (REIT), നിശ്ചിത സ്ഥിരവരുമാന നിക്ഷേപങ്ങളടങ്ങുന്ന ദീർഘകാല ഇൻഫ്രാസ്ട്രക്ചർ ഡെബ്റ്റ് ഫണ്ട് (IDF), നിശ്ചിത ആവശ്യങ്ങൾക്കായി സ്വരൂപിക്കുന്ന വിവിധ നിക്ഷേപങ്ങൾ ഉൾപ്പെടുന്ന ഓൾട്ടർനേറ്റിവ് ഇൻവെസ്റ്റ്മെൻറ് ഫണ്ട് (AIF), ദീർഘകാല വിദേശ വായ്പകൾ, വിദേശ വിപണിയിൽ പുറപ്പെടുവിക്കാവുന്നതും എന്നാൽ ഇന്ത്യൻരൂപയിൽ വിനിമയസാധ്യവുമായ 'മസാല ബോണ്ടുകൾ' എന്നിവയാണ് കിഫ്ബിക്ക് പ്രയോജനകരമായ ആർ.ബി.ഐ./സെ.ബി. അംഗീകാരമുള്ള പ്രധാന ധനസമാഹരണ മാർഗ്ഗങ്ങൾ. |

**സെക്ഷൻ ഓഫീസർ**